ശ്രീ. പൊന്നറ ജി. ശ്രീധർ : ഈ വിദേശികർ എന്നു പറയുന്നതു് ഇൻഡ്യാക്കാർ എന്നുള്ള അർത്ഥത്തിലാണോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഇപ്പോൾ അങ്ങിനെ പറയുന്നതിനും സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്. ഇവിടെ പറഞ്ഞതു് ഈ സംസ്ഥാനത്തിനു വെളിയിലുള്ള ആളുകളെ ഉദ്ദേശിച്ചാണു്.

സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : അലുമിനിയം ഫാക്ടറിയിൽ അവിടെയുള്ള ഉദ്യോഗസ്ഥനെ പിരിച്ചുവിട്ടിട്ടു് വെളിയിൽനിന്നും ഒരാളെ എടുത്തതായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതേപ്പറ്റി ഗവൺമെണ്ടു് അന്വേഷണം നടത്തുന്നതാണു്.

Mr. Speaker : We will now go the next question of Sri. Sree V. Das.

Sri. P. Balakrishnan Tampi: The hon'ble member being not present I want permission of the Chair to put that question. That promises to be a very interesting question.

Mr. Speaker : That should not be the criterion on which permission is sought. Under the rules the Chair can permit an hon'ble member to put a question in the absence of the member in whose name the question stands. I want to know if there is an authorisation from the member concerned to put the question on his behalf.

Sri. P. Balakrishnan Tampi : Yes, I am authorised to put that question.

Mr. Speaker : It is not any formal authorisation that is contemplated.

Sri. P. Balakrishnan Tampi : Yes, I am authorised to put that question actually.

Sri. Ambooken : Under the Standing Orders no authorisation is called for. Only the Speaker has to give the necessary permission.

Mr. Speaker: Before giving the permission the Speaker desired to know how and why the permission was asked for.

Sri. P. Balakrishnan Tampi : Now I put that question, as I want to know the answer of it.

USE OF RESIDENCES AS OFFICES

*894. [10] **Sri. Sree V. Das :** Will the Hon'ble the Chief Minister be pleased to state.—

are the Government aware that cer ain executive officers of urgent public utility use their houses as offices in the presence of separate offices to have secret dealings and sleep at regular intervals ?

Sri. T. K. Narayana Pillai : Government are not aware of any such instances.

Sri. P. Balakrishnan Tampi : Will the Government be pleased to give the names of officers who come under the category of executive officers of urgent public utility. (Laughter.)

(No answer)

Sri. P. Balakrishnan Tampi : But the Chief Minister must be able to enlighten the House on this matter.

Mr. Speaker : The answer is to the effect that Government are not aware of such instances.

Sri. P. Balakrishnan Tampi : I would like to get information regarding certain executive officers of urgent public utility who use their houses as offices in the presence of separate offices to have secret dealings and sleep at regular intervals.

Mr. Speaker : The Government have already stated that they are not aware of such instances.

Sri. P. Balakrishnan Tampi : I want to bring home to Government that usefulness of public offices is affected considerably.

Mr. Speaker : Next question please.

SUGARCANE

*895. [11] **Sri. P. T. Chacko :** Will the Hon'ble the Chief Minister be pleased to state.—

(*a*) whether a report in Powradhwani dated January 20th 1950 with the head line "പഞ്ചസാര ഫാക്ടറി പ്രവർത്തനം നിറുത്തിയിട്ടും കരിമ്പുവെട്ടു നിരോധനം പിൻവലിച്ചിട്ടില്ല" came to the notice of the Government; and

(*b*) whether the allegation is true ?

Sri. T. K. Narayana Pillai :

(*a*) Yes.

LIBRARY ARCHIVES Kerala Legislative Assembly

(*b*) No; but the Sugar Control Order has been cancelled.

ശ്രീ. പി. ടി. ചാക്കോ: ഈ ഷുഗർകെയിൻ കൺട്രോൾ ഓർഡർ എന്നാണ് ഉണ്ടായത് എന്ന പറയാൻ മയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ തീയതി ഇപ്പോൾ നിശ്ചയമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ടി. ചാക്കോ: അതെത്രകാലമായി പിൻവലിച്ചിട്ട് എന്ന പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കഷ്ടിച്ചു മൂന്നാഴ്ചയായി.

Sri. P Balakrishnan Tampi: With your permission, Sir, I just want to request one point with regard to the previous question. I would suggest that instructions may be issued to the staff of the Assembly Office to edit these questions properly so as to bring out the intention of the questioner in the several details relating to it. Though the questioner may ask in such language, that part of the question which deals with frivolity may be edited in the proper form. The questions appearing in print should not disfigure the records as is being done now. I hope hereafter at least instructions may be issued to the Assembly staff to see that the questions are appropriately edited before they are sent to us for being answered.

Mr. Speaker: The Hon'ble member's suggestion to entrust to the staff the task of editing questions is not practicable or proper. Questions which are vague or frivolous or do not convey any meaning may probably be disallowed for that reason.

Sri. P. Balakrishnan Tampi: But if the questions are so ungrammatical, *i.e.* intentionally breaking the rules of grammar, the staff can rectify that.

Mr. Speaker: It has been noted that the form and contents of some of the questions sent up call for close scrutiny. There can be no difficulty in disposing of questions which are clearly admissible or inadmissible. Some questions may consist of admissible as also inadmissible portions of which the former may be admitted with suitable alterations in their wording so as correctly to convey the meaning intended by the member. Sometimes slight formal changes in the wording may make the whole question admissible. Suggestions in writing are welcome from the Hon'ble members indicating how best these questions may be dealt with. In the meantime the Chair may try to use its discretion to place before the House admissible questions or parts of questions in a presentable form without in any manner altering the meaning intended to be conveyed by means of those questions.

ശ്രീ. പി. ടി. ചാക്കോ: പഞ്ചസാര ഫാക്ടറിയുടെ പ്രവർത്തനം എന്നാണ് നിറുത്തിയത് എന്ന ഗവൺമെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രവർത്തനം നിറുത്തിയത് ജനുവരിയിലാണ്.

ശ്രീ. പി. ടി. ചാക്കോ: പഞ്ചസാര പ്രവർത്തനം നിർത്തിയകാലത്തു ഷുഗർകെയിൻ കൺട്രോൾ ഓർഡർ നിലവിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നിലവിലുണ്ടായിരുന്നു.

ശ്രീ. പി. ടി. ചാക്കോ: അത് ഏതുവരെ നിലവിലുണ്ടായിരുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള: ഫെബ്രുവരിയിലാണ് ഷുഗർകെയിൻ കൺട്രോൾ ഓർഡർ കാൻസൽചെയ്തത്.

ശ്രീ. പി. ടി. ചാക്കോ: ഫാക്ടറി ക്ലോസുചെയ്തിരുന്നകാലത്തു് ഈ കൺട്രോൾ ഓർഡർ നിലവിലുണ്ടായിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഫാക്ടറി ഫെ—ഫ്രു—ഫ്രുവരി 28-ാംതീയതിയാണ്. എന്നാൽ കൺട്രോൾ ഓർഡർ കാൻസൽചെയ്തതു ഫെബ്രുവരി 28-ാംതീയതിയാണ്.

ശ്രീ. പി. ടി. ചാക്കോ: ഇപ്പോൾ ആ ഫാക്ടറി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ.

ശ്രീ. പി. കെ. ഡീവർ: കരിമ്പുവെട്ടുനിരോധനം പിൻവലിക്കുന്നതിനുമുമ്പു് ഫാക്ടറി പ്രവർത്തനം വീണ്ടും തുടങ്ങിയോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രവർത്തനം തുടങ്ങി.

ശ്രീ. കെ. എ. മാത്യു: ഷുഗർകെയിൻ കൺട്രോൾ ഇനിയും തുടരണമെന്നു ഗവൺമെണ്ടു വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ഇല്ല.

ശ്രീ. കെ. എ. മാത്യു: എന്തുകൊണ്ടാണ് തുടരണമെന്ന ഗവൺമെണ്ടിനു തോന്നാഞ്ഞത്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ അതിന്റെ സീസൺ അല്ല.

Sri. D. Gnanasigamony: Is there any proposal to revive that order?

Sri. T. K. Narayana Pillai: Not at present.

സെക്രട്ടറിയേറ്റ നടപടികൾ

*വൺ നു. (ക്രമ) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ തിരുവിതാംകൂർ–കൊച്ചി സംസ്ഥാന സെക്രട്ടറിയേറ്റ സംബന്ധിക്കുന്ന ഏതെങ്കിലും പുതിയ നടപടിനിബന്ധനകളും നിർദ്ദേശ പരിപാടികളും നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടിനിബന്ധനകളും നിർദ്ദേശങ്ങളും എന്തെല്ലാമായിരുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ട്.

(ബി) ഈ ചോദ്യത്തിന്റെ ഉത്തരം തയാറാക്കുന്നതിനു വേണ്ട വിവരം ശേഖരിക്കുന്നതിനു വേണ്ടിവരുന്ന സമയവും അദ്ധ്വാനവും നോക്കുമ്പോൾ അതനുസരിച്ചു പ്രയോജനം ഉണ്ടാകുമെന്നു ഗവൺമെണ്ടു വിചാരിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ ഒരു വർഷത്തിനിടയിൽ ഏതെങ്കിലും അസിസ്റ്റൻറ് സെക്രട്ടറിയേയോ, സെക്രട്ടറിയേയോ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അസിസ്റ്റൻറ് സെക്രട്ടറിമാരേയും സെക്രട്ടറിമാരേയും കുറച്ചിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സെക്രട്ടറിയേറ്റിൽ ഉണ്ടാകുന്ന പുതിയ ഒഴിവുകളിൽ ഗവൺമെണ്ടിൽനിന്നും നേരിട്ടാണോ നിയമനങ്ങൾ നടത്തുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: സെക്രട്ടറിയേറ്റിൽ പുതിയ നിയമനങ്ങൾ നടത്തുന്നതു പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സെക്രട്ടറിയേറ്റിൽ ഉണ്ടാകുന്ന നിയമനങ്ങൾ ക്യാബിനറ്റിന്റെ കീഴിലാക്കാൻ വല്ല ആലോചനയും നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചന നടത്തിയിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: ഒരു വർഷത്തിനിടയിൽ സെക്രട്ടറിയേറ്റിൽ നടത്തിയിട്ടുള്ളതായ നിയമനങ്ങളെല്ലാം പബ്ലിക്ക് സർവ്വീസ് കമ്മീഷൻതന്നെയാണോ നടത്തിയിട്ടുള്ളത്?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരുവർഷത്തിനിടയിൽ സെക്രട്ടറിയേറ്റിൽ നടത്തിയിട്ടുള്ള നിയമനങ്ങളെല്ലാം പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തിയിട്ടുള്ളതാണ്.

ശ്രീ. കെ. എസ്സ്. ജോസഫ്: ഒരു ചോദ്യം അയച്ചാൽ അതിന്റെ ഉത്തരം ഉപയോഗമില്ലെന്നു നിശ്ചയിക്കേണ്ടതു് ഉത്തരം പറയേണ്ട ആളാണോ?

മിസ്റ്റർ സ്പീക്കർ: ചോദ്യം ചോദിക്കുന്ന മെമ്പറിനും ഉത്തരം പറയേണ്ട മെമ്പറിനും അതിനെപ്പറ്റി തീരുമാനംചെയ്യാൻ അവകാശമില്ല.

ശ്രീ. കെ. എസ്സ്. ജോസഫ്: ഞാൻ ഒരു ചോദ്യം ചോദിച്ചാൽ അതിനു ഉപയോഗമില്ല എന്നു പറയുന്നതു ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ പറഞ്ഞിട്ടില്ല.

Sri. K. S. Joseph: Sir, on a point of order. Who is to decide the usefulness of the answer, the questioner or the hon'ble member who answers it?

Mr. Speaker: I have already answered the point. In the nature of the question and the answer thereto, I find that the question has been duly answered. There is no necessity for any discussion on it.

LIBRARY ARCHIVES Kerala Legislative Assembly